# പതിമൂന്നാം കേരളനിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 763** 07/02/2013 ൽ മറുപടിക്ക്

**മലബാർ മേഖലയിൽ വർദ്ധിച്ചുവരുന്ന കാൻസർ രോഗം**

**ചോദ്യം**
ശ്രീ. ഇ. കെ. വിജയൻ

**മറുപടി**
വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | മലബാർ മേഖലയിൽ കാൻസർ രോഗം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; | (ബി) | പ്രത്യേക പഠനങ്ങളൊന്നും നടത്തിയിട്ടില്ല. |
| (സി) | മലബാർ കാൻസർ സെന്റർ വഴി നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാം ആണെന്ന് വിശദമാക്കുമോ? | (സി) | മലബാർ കാൻസർ സെന്ററിൽ കാൻസർ ചികിത്സക്കൊപ്പം തന്നെ കാൻസർ ബോധവൽക്കരണത്തിന്റേയും നിയന്ത്രണത്തിന്റേയും ഭാഗമായി പ്രാരംഭഘട്ടത്തിൽ തന്നെ രോഗം കണ്ടുപിടിക്കുന്നതിനായി സെന്ററിന്റെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം പ്രവർത്തിച്ചു വരുന്നുണ്ട്. ഇതോടൊപ്പം തന്നെ സർക്കാർ സർക്കാരിതര സംഘടനകളുടെ സഹായത്തോടെ മലബാർ മേഖലയിൽ കാൻസർ രോഗ നിർണ്ണയ ക്യാമ്പുകളും, ക്ലാസ്സുകളും നടത്തി വരുന്നുണ്ട്. ഇത് കൂടാതെ കാസർഗോഡ്, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ വിവിധ ആശുപത്രികളുമായി ടെലി മെഡിസിൻ വഴിയുള്ള ചികിത്സാ പദ്ധതികളും, ആരോഗ്യ തുടർ വിദ്യാഭ്യാസ പരിപാടികളും, പരിശീലന പരിപാടികളും നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ